Talented Bankers Literary Panel
പുസ്തക പരിചയം 236

പുസ്തകം പരിചയപ്പെടുത്തുന്നത്,
വിനു വിജയൻ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
RBO, കൊട്ടാരക്കര.

വ്യാസനും വിഘ്നേശ്വരനും
നോവലിസ്റ്റ് : ആനന്ദ്

കാലാതീതമായി വർത്തിക്കുന്ന മാനസിക വ്യാപാരങ്ങളെ സമയത്തിന്റെ ബന്ധനത്തിൽ നിന്നും മുക്തമാക്കി പരസ്പരം കോർത്തിണക്കുന്ന ഈ കൃതി, അത്ഭുതപ്പെടുത്തുന്ന കയ്യടക്കത്തോടെ ആണ് രചിച്ചിരിക്കുന്നത്. രണ്ടു ഭാഗങ്ങളായി കൃതി രചിച്ചിരിക്കുന്നു .

കൊളോണിയൽ കാലത്തെ ബംഗാളിലെ നെയ്ത്തുകാർക്ക് നേരിട്ട ദുരനുഭവങ്ങൾ, വിരൽ സ്വയം അറുത്തു കളഞ്ഞു കലയുടെ ഭാരത്തിൽ നിന്നും സ്വാതന്ത്ര്യത്തിലേക്കു സ്വയം രക്ഷപ്പെട്ട അവരുമായി; ആർജിച്ചെടുത്ത ആയോധന കല ഗുരുദക്ഷിണ നൽകാൻ തന്നിൽ നിന്നും മുറിച്ചു മാറ്റിയ ഏകലവ്യനുമായി സാദൃശ്യപ്പെടുത്തുന്ന ആദ്യ ഭാഗം. അധികം എഴുതപ്പെട്ടിട്ടില്ലാത്ത, ഏകലവ്യന്റെയും, തന്നിൽ ആരോപിക്കപ്പെട്ട ഗുരുമഹിമയ്ക്ക് ശിഷ്യന്റെ ആയോധന കലയുടെ തന്നെ വിലയിട്ട ഗുരുവിന്റെയും കഥ പറയുന്ന നിഷാദ പുരാണത്തിലെ ഏകലവ്യനും ഗർഭത്തിൽ വച്ച് തന്നെ വിദ്യ അഭ്യസിച്ച അഭിമന്യുവും തമ്മിലുള്ള സുദീർഘ സംഭാഷണം. ചക്രവ്യൂഹത്തിൽ അകപ്പെട്ടു നിൽക്കുന്ന അഭിമന്യുവിനോട് സംവദിക്കുന്ന ഏകലവ്യൻ. അർദ്ധ വിദ്യയുടെ ബലിയാടായി അഭിമന്യു, വിദ്യ ബലിയർപ്പിച്ച ഏകലവ്യൻ. പിടയലിന്റെയും പൊരുതലിന്റെയും സംത്രാസം ഒന്നാണെന്നും, അതിൽ നിന്നും രക്ഷപ്പെടുക അസാധ്യമെന്നും പരസ്പരം സമ്മതിക്കുന്ന ഇരുവരുടെയും സംഭാഷണങ്ങൾ ഉത്തരങ്ങളെക്കാൾ കൂടുതൽ ചോദ്യങ്ങൾ ഉയർത്തി വിടുന്നു.

രണ്ടാം ഭാഗം ജനാധിപത്യത്തിന്റെ ഈറ്റില്ലങ്ങളിൽ കാണുന്ന സ്വാർത്ഥതയുടെ സ്വേച്ഛാധിപ രാഷ്ട്രീയത്തിന്റെ നേർമുഖങ്ങൾ കാട്ടി തരുന്നു. അമ്പപാലി എന്ന പെൺകുട്ടിയുടെ ചിന്തകളെ ,നേരുകളെ അധികാര ഗർവിന്റെ രാഷ്ട്രീയം ബലിയാടാക്കുമ്പോൾ ജനാധിപത്യത്തിന്റെ കിടക്കിയിൽ ഇട്ടു ജനാധിപത്യം ജനാധിപത്യത്തെ തന്നെ ബലാത്സംഗം ചെയ്യുന്ന ക്രൂരമായ നേരനുഭവം ആയി മാറുന്നു. പൂർത്തീകരിക്കാത്ത വരികൾ വായനക്കാരന് എഴുതിതീർക്കാൻ വിട്ടു കൊടുക്കുന്ന ആനന്ദിന്റെ വേറിട്ട ശൈലി.

"കാവ്യകാരനും അനുവാചകനും മത്സരിച്ചു രാത്രിയിലെ എണ്ണ കത്തിച്ചപ്പോൾ പർവങ്ങളെ തീർന്നു കൊണ്ടിരുന്നുള്ളൂ. പ്രശ്നങ്ങൾ തീർന്നില്ല. പ്രശ്നങ്ങളെ കറുത്ത മഷിയുടെ ഉഴവ് ചാലുകൾക്കിടയിൽ സംസ്കരിക്കുകയല്ല, പുറത്തു കൊണ്ടു വന്നു ഉത്തേജിതമാക്കുകയാണ് അവരുടെ രാത്രിവിളക്കുകൾ ചെയ്തത് എന്നർത്ഥം "

എഴുതിതീർന്നിട്ടില്ലാത്ത രണ്ടു കൃതികളുടെ കഥയാണ് ഈ കൃതി.

ഡിസി ബുക്സ്
വില : 120
താളുകളുടെ എണ്ണം : 104